ക്കാൻ ഒരു വ്യവസ്ഥ ടി. സി. നിയമത്തിലുണ്ട്. എന്നാൽ മലബാർ നിയമത്തിൽ അതില്ല. അതുകൊണ്ട് മലബാർ ഇറിഗേഷൻ വർക്സ് ആക്ടും മലബാർ ഇറിഗേഷൻ സെസ് ആക്ടും അതിനുവേണ്ടി ഭേദഗതി ചെയ്യുകയെന്നുള്ള ഒരൊറ ചെറിയ കാര്യമേയുള്ളൂ. നമുക്ക് ആകുന്നതും പ്രസംഗങ്ങളും ഒഴിവാക്കിക്കൊണ്ട് വേഗത്തിൽ സബ്ജക്ട് കമ്മിറ്റിയിലേക്ക് ഇത് അയയ്ക്കാമെന്ന് അഭിപ്രായപ്പെടുകയാണ്.

1986-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(3) 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ കാരണങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും വേനനിർമ്മാണവും തൊഴിലും സംബന്ധിച്ച ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇത് ക്ഷേമനിധിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ ഉദ്ദേശിച്ച് ഉണ്ടാക്കിയിട്ടുള്ള ഒരു ചെറിയ ഭേദഗതിയാണ്. ഈ ആക്ട് അനുസരിച്ച് 750 രൂപവരെ ശമ്പളമുള്ളവരെയാണ് പ്രധാനമായും തൊഴിലാളിയായി പരിഗണിച്ചിരുന്നത്. എന്നാൽ 1,500 രൂപവരെ ശമ്പളമുള്ളവരെ തൊഴിലാളി എന്നുള്ള നിർവ്വചനത്തിൽ കൊണ്ടുവരുന്നു എന്നുള്ള ഒരു പ്രധാന ഭേദഗതിയാണുള്ളത്. ഇതിന്റെ കോൺട്രിബ്യൂഷൻ എന്നുപറയുന്നത് ആറു മാസത്തിലൊരിക്കൽ എംപ്ലോയിയുടെ ഭാഗത്തുനിന്നും 50 പൈസയും എംപ്ലോയർ ഒരു രൂപയും കൊടുക്കണമെന്നുള്ളതായിരുന്നു. ആ ഫണ്ടിലേക്കുള്ള വരുമാനമാർഗ്ഗം പ്രധാനമായും ഉണ്ടായിരുന്നത് ഇതാണ്. ആ വരുമാനമാർഗ്ഗം കൂട്ടി തൊഴിലാളികളുടെ ക്ഷേമനിധി ശക്തിപ്പെടുത്തുന്നതിനുവേണ്ടി യഥാക്രമം ഒരുരൂപയും രണ്ടുരൂപയുമായി വർദ്ധിപ്പിച്ചിരിക്കുന്നു എന്നുള്ളതാണ് പ്രധാന ഭേദഗതി. അങ്ങനെ പണമടയ്ക്കാത്ത ആളുകളുടെ പേരിൽ പ്രോസിക്യൂഷൻ എടുക്കുന്നതിന് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുന്നതിനുള്ള ഒരു വകുപ്പുകൂടിയുണ്ട്. മൊത്തത്തിൽ ഇതിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

1986–ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ക്ഷേത്രവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(4) 1986–ലെ തിരുവിതാംകൂർ—കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

Minister for Panchayats and Devaswom (**Shri. C. M. Sundaram**): Sir, I introduce the Travancore–Cochin Hindu Religious Institutions (Amendment) Bill, 1986. I also lay on the table a statement explaining the circumstances which had necessitated immediate legislation by promulgation of the ordinance.

Mr. Speaker: The Bill stands introduced.

Shri. C. M. Sundaram: I move that the Travancore-Cochin Hindu Religious Institutions (Amendment) Bill, 1986 may be referred to the Subject Commtee II–Land Revenue, Forests and Fisheries.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഹോണറബിൾ മിനിസ്റ്റർ, എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. സി. എം. സുന്ദരം: സർ, ബിൽ സബ്ജക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നു മാത്രമേ പറയാനുള്ളു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ബിൽകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് ക്ഷേത്രങ്ങളുടെ സംരക്ഷണം നടത്തുന്നതു് ഈശ്വരവിശ്വാസികളായിരിക്കണമെന്നുള്ളതാണു്. പല്ലികളായാലും അമ്പലങ്ങളായാലും വിശ്വസിക്കുന്നവരുടെ വിശ്വാസമനുസരിച്ചു് അതു് പരിശുദ്ധമായ ദേവാലയമാണു്. ആ ദേവാലയങ്ങളിൽ വിശ്വാസമില്ലാത്ത ആളുകൾ കൈകാര്യം ചെയ്താൽ അതിനു് അർഹിക്കുന്ന പരിഗണന ഉണ്ടാകുകയില്ലെന്നും ആ സ്ഥാപനങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ അവർക്കു് ആത്മാർത്ഥതയുണ്ടാകുകയില്ലെന്നുള്ളതുമാണു്. ഈശ്വരവിശ്വാസികളുടെയിടയിലുള്ളതായ ഒരു ധാരണ. ആ ധാരണ തെറ്റാണെന്നു പറഞ്ഞുകൂടാ. ഈശ്വരൻ ഇല്ല, അല്ലെങ്കിൽ ഈശ്വരവിശ്വാസം അടിസ്ഥാനരഹിതമാണു്, ക്ഷേത്രാരാധന അനാവശ്യമാണു് എന്നെല്ലാം വിശ്വസിക്കുന്ന ആളുകളുണ്ടു്. ഒരു കാര്യം ചെയ്യാൻ പോകുമ്പോൾ ആ കാര്യത്തിൽ വിശ്വാസമില്ലാത്ത ആളുകളാണെങ്കിൽ ആ കാര്യം ഫലപ്രദമായി ചെയ്യാനിടയാവുകയില്ലെന്നുള്ളതാണു് സത്യം. ആ നിലയിൽ ദേവസ്വത്തിന്റെ രേണാധികാരികളായി വരുന്ന ആളുകൾ അതിൽ വിശ്വാസമുള്ളവരായിരിക്കണമെന്ന ഒരു ഭേദഗതി മാത്രമാണു് ഈ ബിൽ കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ദേവസ്വം ബോർഡിലേയ്ക്ക് അംഗങ്ങൾ വരികയാണെങ്കിൽ അല്ലെങ്കിൽ മറ്റു സ്ഥാനങ്ങളിൽ വരുന്ന ആളുകൾ ഈശ്വര

LIBRARY ARCHIVES Kerala Legislative Assembly